**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2161** **01-09-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ കോവിഡ് മരണങ്ങളുടെ കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ നാളിതുവരെ എത്ര കോവിഡ് മരണങ്ങളാണ് സ്ഥിരികരിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിൽ 24/08/2022 വരെ സ്ഥിരീകരിച്ച കോവിഡ് മരണങ്ങളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br>എടവനക്കാട് - 42<br><br>ഏളംകുന്നപ്പുഴ – 155<br><br>കുഴുപ്പിള്ളി - 36<br><br>നായരമ്പലം - 56<br><br>ഞാറക്കൽ – 71<br><br>പള്ളിപ്പുറം - 98<br><br>കടമക്കുടി - 57<br><br>മുളവുകാട് - 61<br><br>**ആകെ - 576** |
| (ബി) | അപ്പീൽ കമ്മിറ്റി മുമ്പാകെ ഇത് സംബന്ധിച്ച് എത്ര അപേക്ഷകളാണ് പരിഹരിക്കപ്പെടേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ 4 അപ്പീൽ അപേക്ഷകളാണ് അപ്പീൽ കമ്മിറ്റി മുമ്പാകെ പരിഹരിക്കപ്പെടേണ്ടതായിട്ടുള്ളത്. |
| (സി) | പ്രസ്തുത അപേക്ഷകളിന്മേൽ എന്നത്തേക്ക് തീരുമാനം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ? | (സി) | കോവിഡ് -19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നൽകിവരുന്ന 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനായാണ് മരണം കോവിഡ് ഡെത്ത് ലിസ്റ്റിൽ ഉൾപ്പെടുത്തി കോവിഡ് ഡെത്ത് ഡിക്ലറേഷൻ സർട്ടിഫിക്കറ്റ് നൽകിവരുന്നത്. എന്നാൽ MA No. 1805/2021 in WP (C) No. 539/2021 കേസിന്മേലുള്ള 24/03/2022 |

| | | | |
|---|---|---|---|
| | | | തീയതിയിലെ ബഹു. സുപ്രീ കോടതി വിധിയുടെ അടിസ്ഥാനത്തിൽ 20/03/2022 ന് മുൻപ് സംഭവിക്കുന്ന കോവിഡ് മരണങ്ങളിൽ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി 24/03/2022 മുതൽ 60 ദിവസത്തിനകം ആയി നിശ്ചയിച്ച് ദുരന്ത നിവാരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ടി കാലയളവിൽ ലഭിച്ച അപ്പീൽ അപേക്ഷകൾ മാത്രമാണ് CDAC മുഖേന നിലവിൽ കോവിഡ് ഡെത്ത് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിച്ചുവരുന്നത്. വൈപ്പിൻ നിയോജക മണ്ഡലത്തിലെ 4 അപ്പീൽ അപേക്ഷകളും പ്രസ്തുത കാലാവധിക്കു ശേഷമാണ് ജില്ലാ മെഡിക്കൽ ഓഫീസർക്കു ലഭ്യമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ